## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1583** | **19-06-2024 - ൽ മറുപടിയ്ക്ക്**

## സർവെയർമാരുടെ കുറവ് നികത്തുവാനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ വടകര - മാഹി കനാൽ പ്രവൃത്തി, കട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ്, കുറ്റ്യാടി ബൈപ്പാസ്, വടകര വില്യാപ്പള്ളി ചേലക്കാട് റോഡ് നിർമ്മാണം എന്നീ പ്രവൃത്തികളുടെ ഭാഗമായി അനധികൃത കയ്യേറ്റം കണ്ടെത്താൻ സർവെയർമാരുടെ കുറവ് തടസ്സം സൃഷ്ടിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആവശ്യമുള്ള സർവെയർമാരെ അടിയന്തരമായി നിയമിച്ച് ഈ വികസന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | കട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡിന്റെ നിലവിൽ 11(1) നോട്ടിഫിക്കേഷൻ നവംബറിൽ വന്നിട്ടുള്ളതും ആകെയുള്ള 106 സർവെ നമ്പറിൽ 58 സർവെ നമ്പറുകൾ സബ്ഡിവിഷൻ ജോലി പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി ഓഫീസിൽ നിലവിൽ 3 സർവെയർ തസ്തികകളാണ് നിലവിലുള്ളത്, ആയതിൽ പൊതുസ്ഥലംമാറ്റം വഴി ഒരു സർവെയർ തസ്തിക ഒഴിവുണ്ടെങ്കിലും ഒരു സർവെയറെ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് പ്രസ്തുത ഒഴിവ് നികത്തിയിട്ടുണ്ട്.<br><br>കുറ്റ്യാടി ബൈപ്പാസ് ജോലിയുടെ എൽ .എ സബ് ഡിവിഷൻ ജോലികൾ പൂർത്തീകരിച്ച് നൽകിയിട്ടുള്ളതാണ്. 14.05.2024 ന് Detailed Valuation Statement (DVS) സമർപ്പിച്ചിട്ടുണ്ട്.വടകര വില്യാപ്പള്ളി ചേലക്കാട് റോഡിലെ കയ്യേറ്റം കണ്ടെത്തുന്ന പ്രവർത്തനങ്ങൾ വടകര ഓഫീസിലെ സർവെയർമാർ ആരംഭിച്ചിട്ടുള്ളതും ആകെ 18 കി.മീ ഉള്ളതിൽ 605 കി.മീ ജോലി പൂർത്തീകരിച്ചിട്ടുള്ളതുമാകുന്നു.<br><br>വടകര മാഹി കനാലിന്റെ പണി ഉൾപ്പെടെയുള്ള പ്രവർത്തികൾ സമയബന്ധിതമായി തീർക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതാണ്.നിലവിൽ കോഴിക്കോട് ജില്ലാ എസ്റ്റാബ്ളിഷ്മെന്റിൽ നിലവിൽ ആകെ 24 സർവെയർ (എൽ തസ്തികകളാണ് നിലവിലുള്ളത്. അതിൽ 5 തസ്തികകൾ ഒഴിവുള്ളതാണ്. നിലവിൽ റീസർവെ ഓഫീസുകളിൽ നിന്നും എൽ ആർ എം, എൽ.എ സ്പെഷ്യൽ ജോലികൾക്കായ് 11 സർവെയർമാരെ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ജോലി പുരോഗതികൾ വിലയിരുത്തിയശേഷം താരതമ്യേന ജോലി കുറവുള്ള ഓഫീസുകളിൽ നിന്നും ജോലി കൂടുതലുള്ള |

| | | | |
|---|---|---|---|
| | | | ഓഫീസുകളിലേക്ക് ജോലികളുടെ മുൻഗണന പരിശോധിച്ചുകൊണ്ട് ജോലി ക്രമീകരണങ്ങൾ നടത്തി സർവെയർമാരുടെ കുറവ് നികത്തി വരുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു ഉദ്യോഗാർത്ഥികളെ ശിപാർശ ചെയ്യുന്നതനുസരിച്ചു ഒഴിവുകൾ നികത്താൻ സാധിക്കുന്നതാണ്. KPSC റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതു വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ